**M.P. Ajith Kumar**
Additional Director of Panchayats

**Office of the Director of Panchayats**
Thiruvananthapuram - 695 033

Phone: Office : 0471 - 2321350
Fax : 0471 - 2321350
Mob : 9496040601

E-mail: adpanchayats@gmail.com

Date.......24.08.2018

# റിപ്പോർട്ട്

(27.08.2018 5 മണി വരെ)

കേരള സംസ്ഥാനം സാക്ഷിയായിട്ടുള്ളതിൽ വച്ച് ഏറ്റവും തീക്ഷണമായ പ്രളയക്കെടുതികളാണ് നാം നേരിടുന്നത്. പ്രളയം മൂലം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനേകം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും സാധാരണ ജനജീവിതം ദുസ്സഹമാകുകയും ചെയ്തു. പ്രളയക്കെടുതികൾ നേരിടുന്നതിന് ഫലവത്തായ നടപടികളും ഇടപെടലുകളുമാണ് സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. പ്രളയക്കെടുതികൾ നേരിടുന്നതിനും ജനങ്ങളുടെ പുനരധിവാസത്തിനും ഗ്രാമപഞ്ചായത്ത് തലം മുതൽ പഞ്ചായത്ത് ഡയറക്ടറേറ്റ് തലം വരെയുള്ള ജീവനക്കാർ ഒരുമയോടെ അർത്ഥവത്തായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രളയത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യസാധനങ്ങൾ എത്തിക്കുന്നതിനും വകുപ്പ് ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ആരംഭിച്ച 2600 ലധികം ദുരിതാശ്വാസ ക്യാമ്പുകളിൽ പകുതിയോളം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്യാമ്പുകൾക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നൽകിവരികയാണ്. പ്രളയദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലം മുതൽ പഞ്ചായത്ത് ഡയറക്ടറേറ്റ് തലം വരെയുള്ള എല്ലാ ജീവനക്കാരും അവധി ദിവസങ്ങൾ ഉൾപ്പെടെ ഓഫീസിൽ ഹാജരായി പ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ ഏർപ്പെടുന്നതിന് വകുപ്പുതല നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശാനുസരണം ജീവനക്കാർ ഒരുമയോടെ പ്രവർത്തിച്ചുവരികയുമാണ്. പ്രളയബാധിത ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ശുചീകരണ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് ചെലവനുവാദം ഇതിനകം തന്നെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി നൽകിയിട്ടുണ്ട്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നിനും ആയതിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതുമാണ്.

## കോൾ സെന്റർ / ഹെലപ് ഡെസ്ക്- ന്റെ പ്രവർത്തനം

ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 14 ജില്ലാ ഓഫീസുകളിലും പഞ്ചായത്ത് ഡയറക്ടറേറ്റിലും കൺട്രോൾ

റൂമും, ഹെൽപ് ഡെസ്കും 18.08.2018 മുതൽ 24 മണിക്കൂറും പ്രവർത്തിച്ചു വരികയാണ്. പ്രസ്തുത കൺട്രോൾ റൂമിൽ 22.08.2018 വരെ 5000 ലധികം കോളുകൾ ലഭിക്കുകയും പ്രസ്തുത കോളുകളുടെ അടിസ്ഥാനത്തിലുള്ള അടിയന്തിരനടപടികളുടെ ഭാഗമായി 2000 ലധികം ആൾക്കാരെ സുരക്ഷിതമായി ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. പ്രളയം നാശം വിതച്ച പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സമയോചിതമായ ഇടപെടലുകളുടെ ഭാഗമായി 50,000 ത്തോളം ആൾക്കാരുടെ ജീവൻ രക്ഷിക്കാനും അവരുടെ വിലപിടിപ്പുള്ള സാധനങ്ങൾ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ മേൽ കൺട്രോൾ റൂമും ഹെൽപ് ഡെസ്കും പ്രളയം നാശം വിതച്ച സ്ഥലങ്ങളിലെ ശുചീകരണ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് പ്രവർത്തിച്ചുവരുന്നത്.

കളക്ഷൻ സെന്ററുകളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പാലിറ്റി കോർപ്പറേഷൻ മേഖലയിലും ആരംഭിച്ചിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അരി ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ, വസ്ത്രം, കിടക്കകൾ, മരുന്ന് തുടങ്ങിയ എല്ലാ സാധനങ്ങളും ഗ്രാമപഞ്ചായത്ത് തലത്തിൽ ശേഖരിച്ച് എത്തിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കളക്ഷൻ സെന്റർ ആരംഭിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്. തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ, മറ്റ് വകുപ്പുകൾ എന്നിവടങ്ങളിൽ നിന്നും അവശ്യ സാധനങ്ങൾ, ഉപയോഗപ്രദമായ വിവിധ വസ്തുക്കൾ എന്നിവ ഇപ്പോഴും കളക്ഷൻ സെന്ററിൽ എത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

4. അവശ്യസാധനങ്ങളുടെ വിതരണം

പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കളക്ഷൻ സെന്ററിൽ നിന്ന് 24.08.2018 വൈകുന്നേരം 5 മണി വരെ 57 ലോഡ് ഭക്ഷ്യസാധനങ്ങളും 5 ലോഡ് ക്ലീനിംഗ് സാധനങ്ങളും ഇതിനകം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ എത്തിച്ചിട്ടുള്ളതും പ്രസ്തുത പ്രവർത്തനം തുടർന്നു വരുന്നതുമാണ്. ഇതിനായുള്ള വാഹനങ്ങൾ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തിച്ചിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ സ്വന്തം വാഹനങ്ങളും ഇതിനായി ഉപയോഗിച്ചു വരുന്നു.

ആംബുലൻസുകളുടെ സേവനം

എറ്റവും കൂടുതൽ പ്രളയക്കെടുതികൾ നേരിടുന്ന ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ വൈദ്യസഹായം എത്തിക്കുന്നതിന് 24 ആംബുലൻസുകളുടെ സേവനം അവശ്യമരുന്നുകൾ സഹിതം സജ്ജമാക്കി പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

തുടർപ്രവർത്തനങ്ങൾ

21.08.2018 മുതൽ വകുപ്പ് മുന്തിയ പരിഗണന നൽകുന്നത് പ്രളയം മൂലം വെള്ളം കയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ ശുദ്ധീകരിക്കുന്നതിനുള്ള നടപടികളാണ്.

ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ(സാധാ)നം. 2288/2018/തസ്വഭവ തീയതി 19.08.2018 ഉത്തരവ് കർശനമായി പാലിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയും മേൽപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ ശുചീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ഇത് സംബന്ധിച്ച കർമ്മപദ്ധതി തയ്യാറാക്കി ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള സാധനസാമഗ്രികൾ മേൽ ജില്ലകളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലും പഞ്ചായത്ത് ഡയറക്ടറേറ്റിലും പ്രത്യേക കളക്ഷൻ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. പോലീസ് വകുപ്പ് മുഖേന ലഭിച്ച 4000 ഗംബൂട്ടുകൾ, ഗ്ലൗസുകൾ എന്നിവയും വകുപ്പുതലത്തിൽ സംഭരിച്ച 40 ടൺ ബ്ലീച്ചിംഗ് പൗഡറും KMSCL-ൽ നിന്നും സൗജന്യമായി ലഭിച്ച 12 ടൺ ബ്ലീച്ചിംഗ് പൗഡറും മറ്റ് ക്ലീനിംഗ് ഉപകരണങ്ങളും അവശ്യ സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഇതിനകം എത്തിച്ചിട്ടുണ്ട്. പ്രളയക്കെടുതികൾ കാര്യമായി ബാധിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക സംഭാവനയായി ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രചാരണം നടത്തുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപഞ്ചായത്ത് ഓഫീസിൽ രസീത് നൽകി സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്നതിനും മേൽപ്രകാരം ലഭിക്കുന്ന തുക കൂടാതെ തനത് ഫണ്ട് മിച്ചമുള്ള ഗ്രാമപഞ്ചായത്തുകൾ പരമാവധി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനും ആവശ്യമായ നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്.

കേരളത്തെ നടുക്കിയ പ്രളയം നേരിടുന്നതിന് മനുഷ്യസാധ്യമായ എല്ലാ സഹായങ്ങളും സേവനങ്ങളും പ്രളയബാധിത സ്ഥലങ്ങളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് വകുപ്പിലെ എല്ലാ ജീവനക്കാരും ഒത്തൊരുമയോടെ പ്രവർത്തിച്ചുവരികയാണ്. പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി തിരവനന്തപുരം ജില്ലയിൽ വകുപ്പിന് കീഴിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന 85 ഉദ്യോഗസ്ഥർ 8 ടീമുകളായി 26.08.2018, 27.08.2018 തീയതികളിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ എത്തുന്നതും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുമാണ്. വകുപ്പുതല ദുരിതാശ്വാസ ശുചീകരണ /പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ടുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**എം.പി.അജിത്കുമാർ**
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

| Kerala Floods - 2018 - Consolidated Details of Most Affected Districts (Rural Areas) (Details as Received on 24-08-2018 - 03:30 PM) | | | | | | | | |
|---|---|---|---|---|---|---|---|---|
| Description | | Districts Affected | | | | | | |
| | | Pathanamthitta | Alappuzha | Kottayam | Thrissur | Ernakulam | Wayanad | TOTAL 6 Districts |
| Data Updation Status | | In Progress | In Progress | In Progress | In Progress | In Progress | In Progress | In Progress |
| Total Number of Grama Panchayaths | | 53 | 72 | 71 | 86 | 82 | 23 | 387 |
| Number of Flood Affected Grama Panchayaths | | 49 | 70 | 47 | 83 | 66 | 23 | 338 |
| Total Number of Wards (In District) | | 788 | 1,169 | 1,140 | 1,465 | 1,338 | 413 | 6,313 |
| Total Wards Affected | | 417 | 883 | 455 | 1,193 | 660 | 278 | 3,886 |
| Percentage of Wards Affected | | 53% | 76% | 40% | 81% | 49% | 67% | 62% |
| No. of Camp Occupants returned to Houses | | 16,137 | 20,834 | 14,650 | 64,292 | 1,03,625 | 22,972 | 2,42,510 |
| No of Flood Affected Houses | | 27,554 | 1,06,969 | 64,859 | 79,567 | 121 | 7,336 | 2,86,406 |
| No of Flood Affected Public Buildings | | 843 | 802 | 426 | 1,786 | 10,502 | 88 | 14,447 |
| No of Flood Affected Wells | | 24,141 | 17,120 | 12,145 | 53,648 | 10,503 | 3,241 | 1,20,798 |
| No. of Schools Affected | | 31 | 94 | 35 | 43 | 0 | 18 | 221 |
| No of Houses Cleaned as on date | | 6,360 | 3,448 | 6,169 | 37,127 | 38 | 4,993 | 58,135 |
| Quantity of Bio-Degradable Waste Collected (Tons) | | 291 | 26 | 0 | 4,462 | 11 | 154 | 4,944 |
| Quantity of Bio-Degradable Waste Disposed (Tons) | | 22 | 19 | 0 | 4,359 | 24 | 96 | 4,519 |
| Qty of Non Bio-Degradable Waste Collected (Tons) | | 365 | 18 | 0 | 434 | 9 | 21 | 847 |
| No. of Cleaning Squads Formed (Nos.) | | 0 | 2,312 | 0 | 3,099 | 0 | 382 | 5,793 |
| Total No. of Carcass buried (Nos.) | Large Animals | 61 | 0 | 86 | 1,091 | 340 | 9 | 1,587 |
| | Small Animals | 25 | 0 | 230 | 728 | 287 | 48 | 1,318 |
| | Birds | 67,102 | 0 | 270 | 1,49,857 | 51,089 | 21 | 2,68,339 |
| Remarks | | Details with respect to Cleaning Squads not received from Pathanamthitta, Kottayam and Ernakulam. Details w.r.t. Carcass not received from Alappuzha. | | | | | | |